സർക്കിൾ ഇൻസ്പെക്ടർ ബാബു ചരിത്രം എഴുതി കൊണ്ടേയിരിക്കുകയാണ്

സിദ്ധാർത്ഥൻ

" ഈ കാക്കിക്കുള്ളിൽ ഒരു കവി ഹൃദയമുണ്ട്, കലാകാരനുണ്ട്..." എന്നത് 'സൻമനസുള്ളവർക്ക് സമാധാനം' എന്ന സിനിമയിൽ ശ്രീനിവാസൻ അവതരിപ്പിക്കുന്ന പോലീസ് ഉദ്യോഗസ്ഥന്റെ സംഭാഷണമാണ്. എന്നാൽ ഇവിടെ ഒരു സർക്കിൾ ഇൻസ്പെക്ടർ ദുർഘടം പിടിച്ച ചരിത്രരചനയുടെ വഴിയിലാണ്. കണ്ണൂർ ക്രൈംബ്രാഞ്ച് സർക്കിൾ ഇൻസ്പെക്ടർ കെ.വി.ബാബുവാണ് 'മലബാർ ചരിത്രം മിത്തും മിഥ്യയും സത്യവും' എന്ന ചരിത്രഗ്രന്ഥം തയ്യാറാക്കുന്നത്. നേരത്തെ 'കോലത്ത്നാട് നാൾവഴി ചരിത്രം,' 'വൈതൽമല ചരിത്ര പശ്ചാത്തലം' എന്നീ ഗ്രന്ഥങ്ങളിലൂടെ തന്റെ ചരിത്ര പാടവം പ്രകടമാക്കിയ ബാബുവിന്റെ മൂന്നാമത്തെ ചരിത്ര ഗ്രന്ഥമാണിത്.

മലബാറിന്റെ ചരിത്രം ഇതിന് മുമ്പ് പലരും രേഖപ്പെടുത്തിയിട്ടുണ്ട്. വില്യം ലോഗന്റെ 'മലബാർ മാന്വൽ' തന്നെ ഇതിൽ പ്രാമാണികൃം. മലബാറിലെ കർഷക കലാപം, സ്വാതന്ത്ര്യ സമരം എന്നിവയെ ആസ്പദമാക്കിയും ഗ്രന്ഥങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ ജീവിതത്തിന്റെ ഓരങ്ങളിലേക്ക് മാറ്റിനിർത്തപ്പെട്ട ജനവിഭാഗങ്ങളുടെ ജീവിതരീതിയും സംസ്കാരവും കണ്ടെടുത്ത് അതിലൂടെ ചരിത്രത്തിന്റെ കാണാപ്പുറങ്ങൾ കണ്ടെത്തുന്നു എന്നതാണ് ബാബുവിന്റെ പുസ്തകത്തെ പ്രസക്തമാക്കുന്നത്. വാമൊഴികളിലൂടെ ലഭിച്ച അറിവുകൾ പകർത്തിവെക്കുകയല്ല ഗ്രന്ഥകാരൻ. പ്രാമാണിക രേഖകൾ പരിശോധിച്ചും ജനജീവിതങ്ങളെ കണ്ടറിഞ്ഞും മിത്തുകളെയും മിഥ്യകളെയും ചികഞ്ഞ് പരിശോധിച്ചും സത്യത്തിന്റെ വാതിലുകൾ തുറക്കുന്നു. കെട്ടുകഥകളുടെ പുറന്തോട് പൊട്ടിച്ച് ചരിത്രം യാഥാർത്ഥ്യത്തിന്റെ ആകാശത്തേക്ക് ചിറകുവിരിക്കുന്നു. ചരിത്രത്തെ വളച്ചൊടിക്കാനുള്ള കുറ്റകരമായ ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്ന നമ്മുടെ കാലത്ത് ചരിത്ര രചനയുടെ രീതി ശാസ്ത്രം എന്തായിരിക്കണമെന്ന് ഈ ഗ്രന്ഥത്തിലൂടെ ബാബു അടയാളപ്പെടുത്തുന്നു.

ബാബു

ഭാഷ, വേഷം, ആചാരങ്ങൾ, ജീവിതരീതി, കൃഷിരീതി അതിലൂടെ രൂപം കൊണ്ട സാംസ്കാരിക അടിത്തറ, ആ സാംസ്കാരിക അടിത്തറ രൂപപ്പെടുത്തിയ സാമൂഹ്യാവസ്ഥ എന്ന ഉപരിഘടന എന്നിവയുടെ പരിശോധനയിലൂടെ കേരളത്തിലെ ചരിത്ര അന്വേഷകരുടെ കൂട്ടത്തിൽ ബാബു സ്വന്തം ഇരിപ്പിടം ഉറപ്പിക്കുന്നുണ്ട്.

കേരള ചരിത്രത്തിൽ ബുദ്ധ, ജൈന സ്വാധീനം, വിദേശികളുടെ കടന്നുവരവ് സൃഷ്ടിച്ച മാറ്റങ്ങൾ എന്നിവ പരിശോധിക്കുന്നുണ്ട് ബാബു. മാവിലർ, കരിമ്പാലർ, കുറിച്യർ, കുറുമർ, പണിയർ തുടങ്ങിയ ആദിവാസി വിഭാഗങ്ങളുടെ സവിശേഷമായ ജീവിതരീതിയും ചരിത്രത്തിൽ അതിന്റെ സ്ഥാനവും കണ്ടെത്തുന്നതിലൂടെ ചരിത്രത്തിന് ഇങ്ങനെയും ചില അവകാശികളുണ്ടെന്ന് ബാബു ഓർമ്മപ്പെടുത്തുന്നു. ഗോത്ര ജീവിതങ്ങളുടെ സങ്കീർണ്ണത എന്താണെന്ന് ഈ പുസ്തകത്തിലൂടെ തിരിച്ചറിയാൻ കഴിയും.

സ്ഥലനാമങ്ങളുടെ വിശകലനമാണ് പുസ്തകത്തിലെ എടുത്തു പറയേണ്ടുന്ന മറ്റൊരു വസ്തുത. ഐതിഹ്യങ്ങളുമായി കെട്ടുപിണഞ്ഞുകിടക്കുന്ന സ്ഥലനാമങ്ങളെ അദേഹം ഇഴ പിരിച്ചെടുക്കുന്നു.



സാധാരണ വായനക്കാർക്ക് പോലും ചരിത്രത്തിൽ കൗതുകം ജനിപ്പിക്കുന്ന അവതരണ രീതിയാണ് ബാബു അവലംബിക്കുന്നത്.

ചരിത്രരചനയിലെ സ്ഥാപിത താൽപ്പര്യങ്ങൾ വികലമാക്കിയ അധ്യായങ്ങളുടെ യാഥാർത്ഥ്യം വീണ്ടെടുക്കാൻ ഈ ചരിത്രകാരൻ ശ്രമിക്കുന്നുണ്ട്. ടിപ്പുവിന്റെ പടയോട്ടകാലത്തെ കുറിച്ചൊക്കെയുള്ള നിറംപിടിച്ച നുണകളെ അദേഹം നിരാകരിക്കുന്നു. അതിലൂടെ ചരിത്രത്തിന്റെ തെളിവാർന്ന ചിത്രങ്ങൾ വായനക്കാർക്ക് സമ്മാനിക്കുന്നു.

തീർച്ചയായും ചരിത്രാന്വേഷകർക്കും വിദ്യാർത്ഥികൾക്കും എന്നതുപോലെ ചരിത്രത്തിൽ താൽപ്പര്യമുള്ള മുഴുവനാളുകൾക്കും പ്രയോജനപ്പെടുന്നതാണ് പുസ്തകം. അക്കാദമിക്കായ ഗൗരവം ചോരാതെ തന്നെ സരളവും ലളിതവുമായ വാക്കുകളിലൂടെ ചരിത്രവായനയിൽ സാധാരണ മനുഷ്യർക്കും ഇടമുണ്ടാക്കുന്നതാണ് ബാബുവിന്റെ പുസ്തകത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. അതുകൊണ്ടു തന്നെ മലബാറിന്റെ ചരിത്രഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഒട്ടും കുറയാത്ത സ്ഥാനം കൈരളി ബുക്സ് പ്രസിദ്ധീകരിക്കുന്ന 'മലബാർ ചരിത്രം മിത്തും മിഥ്യയും സത്യവും' എന്ന ഗ്രന്ഥത്തിനും ഉണ്ടാകുമെന്ന് നിസംശയം പറയാം.

വർഗീയ കാർഡിറക്കിയുള്ള ബി.ജെ.പി കളി കേരളത്തിൽ നടക്കില്ലെന്ന് ഇ.ടി.മുഹമ്മദ്ബഷീർ

തളിപ്പറമ്പ: യു.പി തിരഞ്ഞെടുപ്പിൽ പ്രയോഗിച്ച തുറുപ്പു ചീട്ടു കേരളത്തിൽ ചിലവാകില്ലെന്ന് മുസ്ലിംലീഗ് ദേശീയ ഓർഗനൈസിംഗ് സെക്രട്ടറി ഇ.ടി.മുഹമ്മദ്ബഷീർ. ലവ് ജിഹാദെന്ന പ്രയോഗം തന്നെ തെറ്റാണ്. ലവും ജിഹാദും ഒരുമിച്ചു പോകുന്ന സംഗിതയല്ല. ലവ് വന്നാൽ പിന്നെ അവിടെ ജിഹാദുണ്ടാകില്ല. ജിഹാദുള്ളിടത്ത് ലവും ചിലവാകില്ല. ഇത്തരം അബദ്ധങ്ങൾ എഴുന്നള്ളിക്കാനാണ് യോഗി ആദിത്യനാഥും അമിത്ഷായും കേരളത്തിലേക്ക് വന്നത്. ഇത്തരം വർഗീയ കാർഡിറക്കി കേരളത്തിൽ കളിക്കേണ്ട. അത് കേരളത്തിൽ നടക്കില്ല. വർഗീയ കാർഡിറക്കി മുതലെടുപ്പ് നടത്തണമെന്നത് ബി.ജെ.പിയുടെ വ്യാമോഹം മാത്രമാണ്. ഇവിടെ മതങ്ങളുണ്ട്. പക്ഷെ അതിനേക്കാൾ ദൃഢമായ മതസാഹോദര്യമുള്ള മണ്ണാണ് കേരളം. ഇവിടെ ജാഥ നടത്തി നിരാശനേടാമെന്നതല്ലാതെ മറ്റൊരു നേട്ടവും ബി.ജെ.പിക്കില്ല. ബി.ജെ.പിയുടെ കുപ്രചരണങ്ങൾ ധിഷണാപരമായി നേരിടും.

ഷുക്കൂർ വധക്കേസിലെ സുപ്രീംകോടതിയുടെ പ്രസ്താവന മുസ്ലിംലീഗ് പരിശോധിക്കും. സുപ്രീംകോടതിയുടെ വിധി പ്രസ്താവം നിയമപരമായ കാര്യമാണ്. എങ്കിലും കഴിഞ്ഞ ദിവസം നടത്തിയത് അന്തിമമായ വിധിയല്ല. ഹാദിയ കേസിൽ നേരത്തെ എൻ.ഐ.എ അന്വേഷണം നടത്തണമെന്ന ജഡ്ജ്മെന്റ് സുപ്രീംകോടതി പുറപ്പെടുവിച്ചിരുന്നു. എന്നാൽ കഴിഞ്ഞ ദിവസം അതിൽ നിന്നും വിഭിന്നമായ പ്രസ്താവനയാണ് പുറപ്പെടുവിച്ചത്. അതുപോലെ തന്നെയാണ് ഷുക്കൂർ കേസിൽ ഏറ്റവും പുതിയതായി വന്ന കോടതി നിരീക്ഷണമെന്നും ഇ.ടി.മുഹമ്മദ്ബഷീർ പറഞ്ഞു.

കൊയ്യം മദ്രസ നാളെ ഹൈദരലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും

തളിപ്പറമ്പ: കൊയ്യം ശൗഖത്തുൽ ഇസ്ലാം മദ്രസക്ക് വേണ്ടി പുതുക്കി പണിത കെട്ടിടത്തിന്റെ ഉദ്ഘാടനം നാളെ വൈകുന്നേരം 6 മണിക്ക് പാണക്കാട് ഹൈദരലി ശിഹാബ് തങ്ങൾ നിർവഹിക്കും. മഹല്ല് പ്രസിഡണ്ട് കെ.വി. അബ്ദുൽസലാം സഅദി അധ്യക്ഷത വഹിക്കും. സമസ്ത വിദ്യാഭ്യാസ ബോർഡ് പ്രസിഡണ്ട് പി.കെ.പി. അബ്ദുൽസലാം മുസ്ല്യാർ, സമസ്ത സെക്രട്ടറി പി.പി.ഉമർ മുസ്ല്യാർ, കെ.സി.ജോസഫ് എം.എൽ.എ, ഖലീലുറഹ്മാൻ ആറ്റക്കോയ തങ്ങൾ, അബ്ദുസമദ് പൂക്കോട്ടൂർ, വി.കെ.അബ്ദുൽഖാദർ മൗലവി പ്രസംഗിക്കും. അബ്ദുള്ള സഈദ് അൽ ഖുവൈസി (അബുദാബി) മുഖ്യാതിഥിയായിരിക്കും. 9, 10, 11 തീയതികളിൽ നടക്കുന്ന പരിപാടിയിൽ മാണിയൂർ ഉസ്താദ്, ഇബ്രാഹിം ഖലീലുറഹ്മാൻ ഹുദവി, ജലീൽ റഹ്മാനി മാണിയന്നൂർ, അബ്ദുൽഖാദർ ഫൈസി (പട്ടാമ്പി) പ്രഭാഷണം നടത്തും. സുബൈർ തോട്ടിക്കലും സംഘവും അവതരിപ്പിക്കുന്ന കഥാപ്രസംഗവും ഉണ്ടായിരിക്കും.

പിണറായി വിജയൻ മോദിക്ക് കുഴലൂത്ത് പാടുന്നു: ചന്ദ്രൻ തില്ലങ്കേരി

ശ്രീകണ്ഠപുരം: മുഖ്യമന്ത്രി പിണറായി വിജയൻ മോദിസ്തുതി പാടൽ മാത്രമാണ് ജോലിയെന്നും ഭരണം നടത്താനും കാര്യക്ഷമമായി ജനങ്ങൾക്ക് വേണ്ടി പ്രവർത്തിക്കാനും കഴിയുന്നില്ലെന്നും ഡി.സി.സി വൈസ് പ്രസിഡണ്ട് ചന്ദ്രൻ തില്ലങ്കേരി. ചുഴലിയിൽ ഫാസിസ്റ്റ് വിരുദ്ധ കൂട്ടായ്മയും ഗാന്ധിസ്മൃതി സംഗമവും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദേഹം. കോൺഗ്രസിനെ തളർത്താനും സംഘപരിവാറിനും ഫാസിസത്തിനും വളരാനും വർഗീയ തക്ക് കരുത്ത് പകരാനും ഇടതുപക്ഷ കക്ഷികളും ഭരണകൂട സംവിധാനങ്ങളും പരിശ്രമിക്കുന്നത് പരിഹാസ്യമാണെന്നും അദേഹം പറഞ്ഞു.

ചെങ്ങളായി രാജീവ് ഗാന്ധി ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ വളക്കൈ അടിച്ചാമലയിൽ നിന്നും ചുഴലി ചാലിൽവയലിലേക്ക് ഫാസിസ്റ്റ് വിരുദ്ധ ബൈക്ക് റാലിയും നടത്തി. സംഗമത്തിൽ രാജീവ്ഗാന്ധി ഫൗണ്ടേഷൻ ചെയർമാൻ മാനോജ് പാറക്കാടി അധ്യക്ഷത വഹിച്ചു. ഡി.സി.സി ജനറൽ സെക്രട്ടറി രജിത്ത് നാറാത്ത്, കെ.എസ്.യു ജില്ലാ പ്രസിഡണ്ട് മുഹമ്മദ് ഷമ്മാസ്, ജംഷീർ ചുഴലി, പി.പ്രദീപൻ, എ.കെ.വാസു, ഷാജു കണ്ടമ്പേത്ത്, കെ.പി.നസീമ, എം.സി.ദീപു, ടി.പി.നാരായണൻ, ഇ.വി.പ്രസന്നൻ പ്രസംഗിച്ചു.

കൊട്ടക്കാനം എ.യു.പി സ്കൂളിൽ ഗാന്ധിപ്രതിമ അനാചാദനം പ്രമീള രാജൻ നിർവഹിക്കുന്നു

ഗാന്ധിപ്രതിമ സ്ഥാപിച്ചു

കൂവേരി: ഗാന്ധിജയന്തി ദിനത്തിൽ കൊട്ടക്കാനം എ.യു.പി സ്കൂളിൽ ഗാന്ധിപ്രതിമ സ്ഥാപിച്ചു. ചപ്പാരപ്പടവ് ഹൈസ്കൂൾ റിട്ട. അധ്യാപകൻ കെ.എം.തോമസാണ് സ്കൂളിന് ഗാന്ധിജിയുടെ അർദ്ധകായ പ്രതിമ നിർമ്മിച്ചു നൽകിയത്. പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷ പ്രമീള രാജൻ അനാച്ഛാദനം ചെയ്തു. പി.ടി.എ പ്രസിഡണ്ട് കെ.കെ.പി.അബൂബക്കർ അധ്യക്ഷത വഹിച്ചു. തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തംഗം എം.ഇന്ദിര, ടി.വി.ശ്രീധരൻ, എ.പി.കെ.വത്സൻ, വി.വി.മാധവി, എം.അർജ്ജുൻ പ്രസംഗിച്ചു. പ്രധാനാധ്യാപകൻ പി.ചന്ദ്രശേഖരൻ സ്വാഗതവും സ്റ്റാഫ് സെക്രട്ടറി സി.ബാലകൃഷ്ണൻ നന്ദിയും പറഞ്ഞു.

എസ്.വൈ.എസ് നരിക്കോട് യൂണിറ്റ് വിരുന്ന് സംഗമം എസ്.എസ്.എഫ് സംസ്ഥാന സെക്രട്ടറി കെ.അബ്ദുറഷീദ് നരിക്കോട് ഉദ്ഘാടനം ചെയ്യുന്നു

എസ്.വൈ.എസ് വിരുന്ന് സംഗമം

നരിക്കോട്: നവംബർ നാല് മുതൽ നടക്കുന്ന എസ്.വൈ.എസ് നരിക്കോട് യൂണിറ്റ് സമ്മേളനത്തിന്റെ ഭാഗമായി വിരുന്ന് സംഗമം സംഘടിപ്പിച്ചു. എസ്.എസ്.എഫ് സംസ്ഥാന ജനറൽ സെക്രട്ടറി കെ.അബ്ദുൾറഷീദ് മാസ്റ്റർ ഉദ്ഘാടനം ചെയ്തു. എം.അബ്ദുറഹ്മാൻ മാസ്റ്റർ, എം.മഹമൂദ് സഖാഫി, എം.മുഹമ്മദ്കുഞ്ഞി അമാനി, കെ.സിറാജുദ്ധീൻ അശ്റഫി പ്രസംഗിച്ചു.

കാല് നഷ്ടപ്പെട്ട നിലയിൽ നഗരത്തിൽ അലയുന്ന പശു

നൊമ്പരക്കാഴ്ചയായി കാല് നഷ്ടപ്പെട്ട പശു

തളിപ്പറമ്പ: നഗരത്തിൽ അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നാൽക്കാലികൾക്ക് അപകടങ്ങൾ സംഭവിക്കുന്നത് പതിവാകുന്നു. കൂടുതലായും പശുക്കൾക്കും നായകൾക്കുമാണ് തളിപ്പറമ്പ വഹനാപകടത്തിൽപെട്ടും സാമൂഹ്യവിരുദ്ധരുടെ അക്രമണത്തിലും അംഗഭംഗം സംഭവിക്കുന്നത്. പരിക്ക് പറ്റി നഗരത്തിൽ അലഞ്ഞ് തിരിഞ്ഞ് നടക്കുന്നത് അടുത്ത കാലത്തായി പതിവായിരിക്കുകയാണ്. കാല് നഷ്ടപ്പെട്ട പശുവും ഇതിൽപ്പെടും. ഇതിന്റെ കാല് നഷ്ടപ്പെട്ടത് ശ്രദ്ധയിൽ പെട്ട ചിലർ കാലിന്റെ സ്ഥാനത്ത് മരുന്നും പലകയും കെട്ടിവെച്ച് താൽക്കാലിക സഹായം ഒരുക്കിയിരുന്നു. മുടന്തി റോഡരികിലും വീട്ടുപറമ്പുകളിലും വരുന്ന ഈ പശുവിന്റെ കാലിന്റെ പലക കഴിഞ്ഞ ദിവസം അഴിഞ്ഞു വീണതോടെ മൂന്ന് കാലുമായി നടക്കാൻ പോലും പറ്റാത്ത അവസ്ഥയിലാണ് ഈ മിണ്ടാപ്രാണി. നഗരത്തിൽ അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന പശുക്കളെ പിടിച്ചുകെട്ടാൻ അധികൃതർ ഊർജിത ശ്രമങ്ങൾ നടത്തുന്നുണ്ടെങ്കിലും നിസഹായനായ ഈ മിണ്ടാപ്രാണിക്ക് ഒരു കൃത്രിമ കാലെങ്കിലും വെച്ച് കൊടുക്കാൻ അധികൃതർ തയ്യാറായിട്ടില്ല. കാല് മുറിഞ്ഞിടത്ത് നിന്ന് ദുർഗന്ധം വമിക്കുന്നതിനാൽ ഇതിനെ പലയിടത്ത് നിന്നും ആൾക്കാർ ആട്ടിയോടിക്കുകയാണ് ചെയ്യുന്നത്.

തളിപ്പറമ്പിൽ പിടിച്ചുകെട്ടിയ പശുക്കളെ ലേലം ചെയ്തു

തളിപ്പറമ്പ: നഗരത്തിൽ അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന പശുക്കളെ ലേലം ചെയ്ത് തുടങ്ങി. ആഴ്ചകൾക്ക് മുമ്പ് പിടികൂടിയ രണ്ട് പശുക്കളെയും നാല് കിടാങ്ങളെയും ആണ് നഗരസഭയുടെ കീഴിലുള്ള കരിമ്പത്തെ ട്രഞ്ചിംഗ് ഗ്രൗണ്ട് പരിസരത്ത് ഇന്നലെ ലേലം ചെയ്തത്. പശുക്കളെ പിഴ അടച്ച് ഉടമസ്ഥർക്ക് കൊണ്ടുപോകാൻ ഒരാഴ്ച സമയം നൽകിയിരുന്നെങ്കിലും എല്ലാ പശുക്കളുടെയും ഉടമസ്ഥർ എത്തിയിരുന്നില്ല. ഇങ്ങനെ ഉടമസ്ഥർ എത്താതിരുന്ന പശുക്കളെയാണ് ലേലം ചെയ്തത്. പശുക്കൾക്ക് 7000രൂപയും കിടാങ്ങൾക്ക് 3300 രൂപയുമാണ് അടിസ്ഥാനവില നിശ്ചയിച്ചിരുന്നത്.

കഴിഞ്ഞ ദിവസങ്ങളിൽ നഗരത്തിൽ നിന്ന് പിടിച്ച ആറ് പശുക്കളെയും ട്രഞ്ചിംഗ് ഗ്രൗണ്ടിൽ കെട്ടിയിട്ടുണ്ട്. ഉടമസ്ഥർ എത്താതിരുന്നാൽ അടുത്ത ആഴ്ചയോടെ ലേലത്തിന് വെക്കുമെന്നും നഗരസഭാധികൃതർ വ്യക്തമാക്കി. ലേല ദിവസം നിശ്ചയിച്ചു കഴിഞ്ഞാൽ പശുക്കളെ തേടി ഉടമസ്ഥർ വന്നാലും ലേലത്തിൽ പങ്കെടുക്കേണ്ടിവരും.

നഗരത്തിൽ അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന പശുക്കളെ കൊണ്ടുള്ള ബുദ്ധിമുട്ടുകളെ കുറിച്ച് 'മക്തബ്' വാർത്ത കൊടുത്തിരുന്നു. ഇതേ തുടർന്നാണ് പശുക്കളെ പിടിച്ചുകെട്ടുന്നതിനുള്ള നടപടികൾ അധികൃതർ ഊർജിതമാക്കിയത്. നിലവിൽ പശുക്കളുടെ ശല്യം തെല്ലൊന്ന് ശമിച്ചിട്ടുണ്ടെന്ന് നാട്ടുകാരും സാക്ഷ്യപ്പെടുത്തുന്നുണ്ട്. ചുഴലിയിലെ കീരിരകത്ത് അബ്ദുൾസലാം, റാഫിഖ് എന്നിവരെയാണ് പശുക്കളെ പിടിച്ചു കെട്ടാനായി നഗരസഭാധികൃതർ ഏർപ്പെടുത്തിയിരുന്നത്.

കരുവഞ്ചാൽ വൈസ്മെൻസ് ക്ലബിന്റെ വെള്ളാട് വില്ലേജ് ഓഫീസ് ശുചീകരണം സി.വി.ഹരിദാസൻ ഉദ്ഘാടനം ചെയ്യുന്നു

കുറ്റിയടിക്കൽ കർമ്മം നാളെ

പുതുക്കണ്ടം: പുതുക്കിപണിയുന്ന പുതുക്കണ്ടം നൂറുൽ ഇസ്ലാം മദ്രസയുടെ കുറ്റിയടിക്കൽ കർമ്മം നാളെ നടക്കും. രാവിലെ 10 മണിക്ക് എസ്.കെ.ഐ.എം.വി.ബി പ്രസിഡണ്ട് പി.കെ.പി.അബ്ദൾസലാം മുസ്ല്യാർ നിർവഹിക്കും.

വില്ലേജ് ഓഫീസ് പരിസരം ശുചീകരിച്ചു

കരുവഞ്ചാൽ: കരുവഞ്ചാൽ വൈസ്മെൻസ് ക്ലബ് ആഭിമുഖ്യത്തിൽ വെള്ളാട് വില്ലേജ് ഓഫീസ് പരിസരം ശുചീകരിച്ചു. കരുവഞ്ചാൽ പാലം പരിസരത്തെ കാടുകളും വെട്ടിത്തെളിച്ചു. എൽ.ആർ.ഡി. സി.വി.ഹരിദാസൻ ഉദ്ഘാടനം ചെയ്തു. ക്ലബ് പ്രസിഡണ്ട് അശോകൻ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് മെമ്പർ ടി.ജി.വിക്രമൻ, ചന്ദ്രൻ പ്രസംഗിച്ചു. ജിൽസ് ജോൺ, ജോമോൻ കൊട്ടുകാപ്പള്ളി, ഗണേഷ് വലമറ്റം, ഷൈജ, സുനിൽ കീഴാരം നേതൃത്വം നൽകി.

സർസയ്യിദ് ഹയർസെക്കണ്ടറി സ്കൂൾ കലോത്സവം

തളിപ്പറമ്പ: സർസയ്യിദ് ഹയർസെക്കണ്ടറി സ്കൂൾ കലോത്സവം ഹെഡ്മാസ്റ്റർ എ.അശ്രഫിന്റെ അധ്യക്ഷതയിൽ പട്ടുറുമാൽ ഫെയിം മുഹമ്മദലി ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡണ്ട് ഇഖ്ബാൽ കോയിപ്ര, മദർ പി.ടി.എ പ്രസിഡണ്ട് സീനത്ത്, അധ്യാപകരായ അബ്ദുറഹീം, ടി.ഇ.ഷരീഫ്, കെ.വി.ടി.മുസമ്മിൽ, എ.പി.വി.മുംതാസ് പ്രസംഗിച്ചു. കൺവീനർ മുഹമ്മദ് യൂനുസ് സ്വാഗതവും മുഹമ്മദ് കട്ടിൽ നന്ദിയും പറഞ്ഞു.

തളിപ്പറമ്പ സർസയ്യിദ് ഹയർ സെക്കണ്ടറി സ്കൂൾ കലോത്സവം പട്ടുറുമാൽ ഫെയിം മുഹമ്മദലി ഉദ്ഘാടനം ചെയ്യുന്നു

ചപ്പാരപ്പടവ് പഞ്ചായത്ത് കേരളോത്സവത്തിൽ ഓവറോൾ കിരീടം നേടിയ നവചേതന ടീം ട്രോഫി ഏറ്റുവാങ്ങുന്നു

അനുശോചിച്ചു

തളിപ്പറമ്പ: കേരള പത്മശാലിയ സംഘം സ്ഥാപക നേതാവും മുൻ സംസ്ഥാന പ്രസിഡണ്ടുമായ പി.വി.നാരായണൻ കാരണവരുടെ നിര്യാണത്തിൽ സംഘം ജില്ലാ കമ്മിറ്റി അനുശോചിച്ചു. ജനറൽ സെക്രട്ടറി വി.വി.കരുണാകരൻ, രാജൻ പിള്ള, അഡ്വ. കെ.വിജയൻ, എ.ചന്ദ്രൻ, അഡ്വ.വി.പി.ഷാജി, രജേഷ്, പാലാ ബാലൻ, രാമചന്ദ്രൻ മുത്ത ചെട്ടൻ, സതീശൻ പുതിയോട്ടി സംസാരിച്ചു. ജില്ലാ വൈസ് പ്രസിഡണ്ട് ചെറ്റുടൻ മോഹനൻ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി തെക്കൻ വിജയൻ സ്വാഗതം പറഞ്ഞു.

യോഗ്യത നിർണ്ണയ പരിശോധന

തളിപ്പറമ്പ: 2017 വർഷം ഓഗസ്റ്റിൽ നടന്ന കെ-ടെറ്റ് പരീക്ഷയിൽ തളിപ്പറമ്പ് ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന മൂത്തേടത്ത് ഹൈസ്കൂൾ, ടാഗോർ വിദ്യാനികേതൻ ഹയർസെക്കണ്ടറി സ്കൂൾ എന്നീ പരീക്ഷാ സെന്ററുകളിൽ പരീക്ഷ എഴുതി കെ-ടെറ്റിന് യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ യോഗ്യതാ നിർണ്ണയ പരിശോധന 9, 10 തീയതികളിൽ മിനിസിവിൽ സ്റ്റേഷനിലെ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ചേമ്പറിൽ നടക്കും. ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റ്, അവയുടെ പകർപ്പ്, ഹാൾ ടിക്കറ്റ് (റിസൾട്ട്) കൂടാതെ മാർക്കിളവിന് അർഹതയുള്ളവർ ആയത് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് (ജാതി/ക്രിമിലെയർ സർട്ടിഫിക്കറ്റ്) എന്നിവ സഹിതം നേരിട്ട് ഹാജരാകേണ്ടതാണ്.

ഒടുവള്ളിത്തട്ട്-കുടിയാന്മല റോഡ് പ്രവൃത്തി ഉദ്ഘാടനം നാളെ

ഒടുവള്ളി: കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഫണ്ട് ഉപയോഗിച്ചുള്ള ഒടുവള്ളിത്തട്ട്-നടുവിൽ-കുടിയാന്മല റോഡ് അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തിയുടെ ഉദ്ഘാടനം നാളെ വൈകുന്നേരം നാല് മണിക്ക് കുടിയാന്മലയിൽ നടക്കും. കെ.സി.ജോസഫ് എം.എൽ.എയുടെ അധ്യക്ഷതയിൽ പി.കെ.ശ്രീമതി എം.പി ഉദ്ഘാടനം നിർവഹിക്കും. കെ.കെ.രാകേഷ് എം.പി, ജയിംസ് മാത്യു എം.എൽ.എ പ്രസംഗിക്കും.

എസ്.ഇ.എസ് കോളേജിന്റെ സ്ഥാപക ദിനാചരണം മുൻ ഗവ. പ്ലീഡർ ജോർജ് മേച്ചേരിയിൽ ഉദ്ഘാടനം ചെയ്യുന്നു

എസ്.ഇ.എസ് കോളേജിന്റെ സ്ഥാപക ദിനാചരണം നടത്തി

ശ്രീകണ്ഠപുരം: എസ്.ഇ.എസ് കോളേജിന്റെ സ്ഥാപക ദിനാചരണം നടത്തി. മുൻ ഗവ. പ്ലീഡർ ജോർജ് മേച്ചേരിയിൽ ഉദ്ഘാടനം ചെയ്തു. എസ്.ഇ.എസ് കോളേജ് മാനേജർ വിനിൽ വർഗീസ് അധ്യക്ഷത വഹിച്ചു.

മുൻ പ്രിൻസിപ്പലുമാരായ വി.പി.രാഘവൻ, എ.എം.മുരളീധരൻ, കോളേജ് പ്രിൻസിപ്പൽ ഡൊമനിക് തോമസ്, പ്രൊഫ. വി.ഡി.ജോസഫ്, കെ.ടി.ഇബ്രാഹിംകുട്ടി ഹാജി, പി.സതീശൻ, ബേബി തോമസ്, കോളേജ് യൂണിയൻ ചെയർമാൻ കിരൺ പ്രമോദ് സംസാരിച്ചു. പൂർവ്വ വിദ്യാർത്ഥികളെ ആദരിക്കുകയും കോളേജിലെ വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികൾ അരങ്ങേറുകയും ചെയ്തു.